(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കമ്പാർട്ടുമെന്റുകളുടെ എണ്ണം 26 -ൽ കൂടുതൽ ആക്കാൻ പദ്ധതിയുണ്ടെന്ന് റെയിൽവേയിൽ നിന്നും അറിയാൻ കഴിഞ്ഞു. അങ്ങനെയാവുമ്പോൾ കൂടുതൽ ജനറൽ കമ്പാർട്ടുമെന്റുകൾ അനുവദിക്കാൻ സാദ്ധ്യതയുള്ളതായും അറിഞ്ഞു.

(ഇ) സമ്മർദ്ദം ചെലുത്തുന്നതാണ്.

(എഫ്) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിൽ കൂടുതലും പഴയതാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കണമെന്ന് നേരത്തെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ആവശ്യപ്പെടുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി

22 (*143) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയെ കൊണ്ടാണ് പ്രസ്തുത പഠനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരം കാണാൻ എന്തൊക്കെ പ്രധാന നിർദ്ദേശങ്ങളാണ് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗതാഗത കുരുക്ക് പരിഹരിക്കാൻ സബ്വേകൾ നിർമ്മിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എവിടെയൊക്കെയാണ് സബ്വേകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം നഗരത്തിലെ സബ്വേകളുടെ നിർമ്മാണം ആരംഭിച്ചുവോ ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) 1995-96 -ൽ ട്രിഡ ആവശ്യപ്പെട്ടതിൻപ്രകാരം നാട്പാക് പഠനം നടത്തുകയുണ്ടായി. ഇപ്പോൾ കൺസൾട്ടന്റ് എഞ്ചിനീയറിംഗ് സർവീസസ് പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) കിഴക്കേകോട്ട, മെഡിക്കൽകോളേജ്, നീറമൺകര, സ്റ്റാച്യു, തമ്പാനൂർ, വി.ജെ. ടി. ഹാൾ, കോട്ടൺ ഹിൽ സ്ക്കൂൾ, ജനറൽ ആശുപത്രി.

(ഇ) സബ്വേകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(എഫ്) 'സെസി'ന്റെ റിപ്പോർട്ടിലെ വിശദാംശങ്ങൾ സർക്കാർ അപഗ്രഥിച്ചു കൊണ്ടിരിക്കുന്നു.

വരൾച്ചയും ശുദ്ധജലക്ഷാമവും

23 (*144) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടാൻ സർക്കാർ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ശുദ്ധജലക്ഷാമം അനുഭവപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) വരൾച്ച രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ,ബി&സി) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും വരൾച്ചയോ അതുമൂലമുള്ള കുടിവെള്ളക്ഷാമമോ അനുഭവപ്പെടുന്നതായി ഒരു ജില്ലാ കളക്ടറും റിപ്പോർട്ടുചെയ്തിട്ടില്ല. എന്നാൽ ഈ വർഷം സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും ഉണ്ടാകുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 15-1-2001-ലെ 1691/കെ 3/2001/ആർ. ഡി. നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലറിന്റെ പകർപ്പ് *അനുബന്ധമായി* ചേർത്തിരിക്കുന്നു. †

കെട്ടിടനികുതി പിരിക്കുന്നതിനുള്ള അധികാരം

24 (*145) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പുമുഖേന പിരിച്ചുകൊണ്ടിരുന്ന കെട്ടിടനികുതി പിരിക്കുന്നതിനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly